File No.TCPCTP/1423/2022-C2

**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ് – മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം- തിരുവനന്തപുരം - സാങ്കേതിക വിഭാഗം - മലപ്പുറം ജില്ല – തിരൂർ നഗരസഭ- തൃക്കണ്ടിയൂർ വില്ലേജ് –വാണിജ്യ കെട്ടിട നിർമ്മാണം – കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:-1. ശ്രീ.മുഹമ്മദ് ഷെരീഫ്.കെ, ഷെരീഫ് മൻസിൽ, കോട്ട്, തിരൂർ എന്നവരുടെ അപേക്ഷ

2. മലപ്പുറം ടൗൺപ്ലാനറുടെ 06/06/2022-ലെ TCPMPM/517/2022-എ 3 നമ്പർ കത്ത്

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**
**ഉത്തരവ്. നം. TCPCTP/1423/2022-C2 തീയതി:08/08/2022**

---

മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭ പരിധിയിലുള്ള തൃക്കണ്ടിയൂർ വില്ലേജിൽ സർവ്വേ നമ്പർ 224/17-2 ൽ പെട്ട 931.00 ച.മീ സ്ഥലത്ത് ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ 3 നിലകളും സ്റ്റെയർ റൂമും ഉൾപ്പെടെ 1039.67 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. മുഹമ്മദ് ഷെരീഫ്. കെ യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019 നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി പ്രസ്തുത നിർമ്മാണത്തിന് തിരൂർ നഗരസഭയുടെ അംഗീകരിച്ച ഡി.ടി.പി. സ്കീം നമ്പർ II പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർമ്മാണം കെ.എം.ബി.ആർ 2019- ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, Sanctioned DTP Scheme No.II provision -കൾക്കും അനുസൃതമായിരിക്കണം.
2. കെ.എം.ബി.ആർ.2019-ലെ ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും, അളവുകളും, പ്രമാണങ്ങളും, ആധികാരികതയും, ഉടമസ്ഥാവകാശവും, നിർമ്മാണാവകാശവും പ്രസ്തുത ഭൂമി പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്ന് രേഖകൾ പരിശോധിച്ച് ആധികാരികമാണെന്നും മുനിസിപ്പൽ സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
3. DTP scheme വ്യവസ്ഥകൾക്ക് അനുസൃതമായുള്ള കൺകറൻസ് മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. യൂസേജ് ഓഫ് പ്ലോട്ട്/ലേ-ഔട്ട് അംഗീകാരം, കെട്ടിട നിർമ്മാണാനുമതി എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.

9752

GOVERNMENT OF KERALA 2017-18

4. KMBR 2019 ചട്ടം 5(4) പ്രകാരം ആവശ്യമായ എല്ലാ വകുപ്പുകളുടെയും നിരാക്ഷേപപത്രം ലഭ്യമാക്കിയിരിക്കണം.

5. 2008 ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമം/ 2018 കേരളാ നെൽവയൽ/നീർത്തട സംരക്ഷണ (ഭേദഗതി) എന്നീ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം– ഒരു സെറ്റ് പ്ലാൻ

Signature valid
Digitally signed by Fasitha Yoosaf M
Date: 2022.08.0 .. 38:23 IST
Reason: Approved

ഫസീദാ യൂസഫ്.എം.
ടൗൺ പ്ലാനർ

സെക്രട്ടറി,
തിരൂർ നഗരസഭ, മലപ്പുറം

**പകർപ്പ്:-**

1. ശ്രീ. മുഹമ്മദ് ഷെരീഫ്. കെ, S/O മുഹമ്മദ് ബക്സ്, ഷെരീഫ് മൻസിൽ, കോട്ട്, തിരൂർ, 676101.
2. ടൗൺ പ്ലാനർ, മലപ്പുറം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

ക്ഷ04/08/22

9752

GOVERNMENT OF KERALA 2017-18